(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടികൾ ഏത് വരെയായെന്ന് വ്യക്തമാക്കുമോ;

(സി) പന്തളത്ത് ഈ സാമ്പത്തികവർഷംതന്നെ എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തികനില പരിഗണിച്ച്, പന്തളം ആസ്ഥാനമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

വില്പന നികുതി വരുമാനം

69 [1006] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കുകളുടെ ക്രയവിക്രയവും, സാധനങ്ങളുടെ വിലയും വ്യാപാരികളുടെ എണ്ണവും വൻതോതിൽ വർദ്ധിച്ചിട്ടും വില്പന നികുതി വരുമാനം അതിനനുസൃതമായി വർദ്ധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) 2000-2001 മുതൽ ഇങ്ങോട്ടുള്ള ഓരോ വർഷവും സംസ്ഥാനത്തിന്റെ വില്പന നികുതി, എക്സൈസ് നികുതി ഇനങ്ങളിൽ ബഡ്ജറ്റുകളിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി വീതമായിരുന്നു; യഥാർത്ഥത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്രയായിരുന്നു;

(സി) ഈ കാലയളവിൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില്പന ഇനത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്ര കോടി രൂപയായിരുന്നു?

ഉത്തരം

(എ) സംസ്ഥാനത്തെ സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള വ്യാപാരികളുടെ എണ്ണത്തിൽ 2004-2005-ൽ 2% മാത്രമാണ് വർദ്ധനവ് ഉണ്ടായത്. എന്നാൽ, വില്പന നികുതി വരുമാനം 12% വർദ്ധിച്ചിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർക്കുന്നു.)

(ബി) വില്പന നികുതിയുടെ വിശദവിവരം അനുബന്ധം 1-ൽ ചേർക്കുന്നു.† അനുബന്ധം 2-ൽ എക്സൈസ് നികുതിയുടെ വിവരവും ചേർക്കുന്നു.‡

---

†അനുബന്ധം V

‡അനുബന്ധം V(എ)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[13-7-2005-ലെ 69 (1006)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

വർഷം	വ്യാപാരികളുടെ എണ്ണം	വർദ്ധനവ്	നികുതി വരുമാനം (തുക കോടിയിൽ)	വർദ്ധനവ്
2003-2004	143669	1%	6081.13	13%
2004-2005	146909	2%	6797.44	12%

2000-2001 മുതൽ ഇങ്ങോട്ടുള്ള ഓരോ വർഷവും വിൽപ്പനനികുതി ഇനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനവും, യഥാർത്ഥത്തിൽ ലഭിച്ച വരുമാനവും

വർഷം	പ്രതീക്ഷിച്ച വരുമാനം (തുക കോടിയിൽ)	യഥാർത്ഥത്തിൽ ലഭിച്ച വരുമാനം
2000-2001	4640.34	4344.33
2001-2002	4865.51	4440.85
2002-2003	5400.00	5353.15
2003-2004	6200.00	6081.13
2004-2005	7001.30	6797.44

2000-2001 മുതൽ ഇങ്ങോട്ടുള്ള വർഷങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പന ഇനത്തിൽ ലഭിച്ച നികുതി വരുമാനം

വർഷം	പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും ലഭിച്ച നികുതിവരുമാനം (തുക കോടിയിൽ)
2000-2001	1332.40
2001-2002	1265.74
2002-2003	1474.81
2003-2004	1625.06
2004-2005	1918.15

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V എ

[13-7-2005-ലെ 69 (1006)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

2000-2001 മുതൽ ഇങ്ങോട്ടുള്ള വർഷങ്ങളിൽ എക്സൈസ് നികുതി ഇനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനവും, യഥാർത്ഥത്തിൽ ലഭിച്ച വരുമാനവും

വർഷം	പ്രതീക്ഷിച്ച വരുമാനം (കോടിയിൽ)	ലഭിച്ച വരുമാനം (കോടിയിൽ)
2000-2001	802.96	687.22
2001-2002	744.22	534.09
2002-2003	748.40	656.48
2003-2004	800.00	663.55
2004-2005	750.00	738.39
2005-2006	825.82	169.42 (2005 മേയ് 31 വരെ)

അനുബന്ധം VI

[13-7-2005-ലെ 72 (1009)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

SUPPLIER LIST 2004–2005

Sl. No.	Name of Supplier	State
(1)	(2)	(3)
1	Rhizome Distilleries	Andhra Pradesh
2	Pearl Distillery	Andhra Pradesh
3	Esvecaar Distillery	Andhra Pradesh
4	Artos Breweries Ltd.	Andhra Pradesh
5	Naveen Distillery	Goa

LIBRARY ARCHIVES Kerala Legislative Assembly